# *പീഡാനുഭവത്തിന്റെ തലേനാളുകൾ: 1/3*

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

## ഓശാന ഞായർ

1

വൈകുന്ന കിതപ്പിൽ
ദ്രുതതാള പടവുകയറി
കുരിശാകൃതിപ്പള്ളിയിലെ
മുഖമണ്ഡപത്തിൽ പതുങ്ങി
കഴുതച്ചുവടിൽ കയറിയതും
ഇടതിങ്ങിയ ആദ്യവരിയിൽ
അമ്മയുടെ കൈവിടുവിച്ച്
ഉണ്ണീമുഖമുള്ള കൊച്ചുമാലാഖ
കുരുത്തോലവീശിയോടിവന്ന്
മന്ദഹാസാഭിവാദനം —
കുഞ്ഞിക്കൈത്തുറന്ന്
കുരുത്തോല ദാനം!

2

മുകളിൽ തൂങ്ങിയ ക്രൂശിതം
സാന്ത്വന നെടുവീർപ്പു കണം:
“വൈകിയതെന്തേ വരാൻ...?”

3

ഓലയിൽ വേറിട്ട തൊങ്ങൽ
നൂലായ് വലിഞ്ഞിഴഞ്ഞ്
ചുരുളായ് കീശയിലായ്.

സർപ്പകണ്ഠാഭരണ
നിഴൽരൂപക്കൈ
തട്ടിമാറ്റി, വിടുതലിൽ
വിരലഞ്ചും വിരിച്ച്

പൂരകസ്വപ്നം പാടി
അകലത്തെ കാത്തിരുപ്പ്
കുരുത്തോലനൂലിന്നായ്
വിരൽ മടക്കുന്ന
മോതിരത്തോറ്റം!
*******************************************
(നാളെ “കാൽക്കഴുകൽ ശുശ്രൂഷ”)